PENCIL

Process Ensuring for Natural Classroom Interaction and Learning

എല്ലാവർക്കും പഠനനേട്ടം അധ്യാപന മികവിലൂടെ

ബിആർസി അരീക്കോട് 3,4 മലയാളം ട്രൈഔട്ട്, പാഠാസൂത്രണരേഖ (കരട്)

DIET MALAPPURAM

| ക്ലാസ് : 4 | യൂണിറ്റ് 7 - മോഹിതം | മൊഡ്യൂൾ 14. | നിലാവിനോട് |
|---|---|---|---|

| | |
|---|---|
| ആമുഖം | അമ്പിളിയും നിലാവും കുട്ടികൾക്ക് ഏറെ കൗതുകം ജനിപ്പിക്കുന്ന ആകാശ വിസ്മയങ്ങളാണ്. കവികൾക്കും പ്രിയപ്പെട്ടതാണ് അമ്പിളി. നിലാവിനോട് കൗതുകക്കണ്ണുമായി നിൽക്കുന്ന കുട്ടിയുടെ അടുത്തേക്ക് വരാൻ പറയുകയാണ് കവി. |
| ആശയം | നമ്മെ വിസ്മയിപ്പിക്കുന്ന നിരവധി അനുഭവങ്ങൾ നിറഞ്ഞതാണ് ഈ പ്രകൃതിയും പ്രപഞ്ചവും.ആകാശ വിസ്മയങ്ങളിൽ ഏറെ ആകർഷകമാണ് അമ്പിളി |
| പഠനനേട്ടം | പ്രപഞ്ച വിസ്മയങ്ങൾ ആസ്വദിക്കുന്നു. അവയോട് ആദരവ് പ്രകടിപ്പിക്കുന്നു. ലഘുവിവരണങ്ങൾ തയ്യാറാക്കി ചർച്ചകളിൽ അവതരിപ്പിക്കുന്നു. |
| പ്രവർത്തനങ്ങൾ | 1. പ്രവേശകം. 2. വായന 3. കണ്ടെത്താം 4. വിശകലന ചോദ്യങ്ങൾ 5. പ്രയോഗഭംഗി 6. പദങ്ങൾ കണ്ടെത്താം 7. ചൊല്ലി രസിക്കാം 8. കടങ്കഥകൾ ശേഖരിക്കാം. 9. താരതമ്യം ചെയ്യാം 10. എഡിറ്റിംഗ് |
| വ്യവഹാര രൂപങ്ങൾ | താരതമ്യക്കുറിപ്പ്, കവിത രചന |
| പ്രതീക്ഷിത സമയം | 6 മണിക്കൂർ |
| വർക്ക് ഷീറ്റ് | 1. പ്രായോഗ ഭംഗി കണ്ടെത്താം |
| ചുമർപത്രം | ശേഖരിച്ച കടങ്കഥകൾ. സ്വന്തമായി രചിച്ച കവിതകൾ താരതമ്യക്കുറിപ്പ് |
| സർഗവേള | കവിതാലാപനം |
| സാമഗ്രികൾ | വിശകലന ചോദ്യചാർട്ട്, ടീച്ചർവേർഷൻ, വർക്ക്ഷീറ്റുകൾ, ചാർട്ട് |
| ദിനാചരണം | ഈണം, താളം എന്നിവ പാലിച്ച് ഭാവാത്മകമായി കവിത ചൊല്ലുന്നു. കവിത രചിക്കുന്നു. സമാനാശയങ്ങളുള്ള കവിതയുമായി താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുന്നു |
| സി. പി. ടി. എ | കവിത അമ്പിളിക്കവിതകൾ |

**പ്രവർത്തനം : സൂക്ഷ്മപ്രക്രിയ**

**1. പ്രവേശകം (40 മിനിട്ട്)**

അധ്യാപിക കവിതാചാർട്ട് പ്രദർശിപ്പിക്കുന്നു

അമ്പിളിയമ്മാവാ കൂമ്പിടുമെന്നേ നീ

അമ്പൊടുനോക്കാതെ വമ്പൊടു പോകുന്നോ?

കവിത വ്യക്തിഗതമായി ചൊല്ലുന്നു. തുടർന്ന് അധ്യാപിക ഈ പാട്ട് കേൾപ്പിക്കുന്നു. (നാഴിയുരിപ്പാലുകൊണ്ട്.........) നാഴിയുരിപ്പാലുകൊണ്ട് എന്ന് വിശേഷിപ്പിക്കുന്നത് ഏതിനെയാണ്? മാനത്തുള്ള തുമ്പച്ചെടികൾ എന്താണ്?

ഇതുപോലെ എത്രയെത്ര വിസ്മയങ്ങളാണ് നമുക്ക് ചുറ്റുമുള്ളത്. പറഞ്ഞ് നോക്കൂ

പ്രതികരണം ബോർഡിൽ കുറിക്കുന്നു. ചർച്ച ക്രോഡീകരണം

(ഈ പ്രപഞ്ചം അനേകം അത്ഭുതങ്ങൾ നിറഞ്ഞതാണ്. വിസ്മയിപ്പിക്കുന്ന ഒട്ടേറെ സംഭവങ്ങളും കാഴ്ചകളും നമ്മുടെ പ്രപഞ്ചത്തിലുണ്ട് )

**2. വായന (60 മിനിട്ട്)**

അമ്പിളിയമ്മാവാ താമരക്കുമ്പിളിലെന്തുണ്ട്?........ഈ പാട്ട് കേൾപ്പിക്കുന്നു. ചർച്ച, അഭിപ്രായങ്ങൾ




പൂർണ്ണചന്ദ്രൻ ആകാശത്ത് പുഞ്ചിരി തൂകി നിൽക്കുന്നു. എങ്ങും നിലാവ് പരന്നിട്ടുണ്ട്. നിങ്ങളുടെ പ്രായത്തിലുള്ള ഒരു കുട്ടി മുറ്റത്തിറങ്ങി നിൽക്കുന്നു. അമ്പിളിയമ്മാമനോട് ആ കുട്ടി എന്തൊക്കെയായിരിക്കും ചോദിക്കുക? കുട്ടികളുടെ പ്രതികരണം അധ്യാപിക ബോർഡിൽ രേഖപ്പെടുത്തുന്നു. നിലാവിനോട് എന്ന കവിതയിൽ ഇതുപോലെ ഒരു കുട്ടി നിലാവിനോട് കുറെ കാര്യങ്ങൾ പറയുന്നുണ്ട്. നിങ്ങൾ പറഞ്ഞതു തന്നെയാണോ അവളും പറയുന്നത്? ഒന്നു നോക്കൂ. വ്യക്തിഗത വായന

എന്തൊക്കെയാണ് കുട്ടി അമ്പിളി അമ്മാവനോട് പറയുന്നത്?

ഏതാനും പേർ പറയുന്നു.

എല്ലാവർക്കും പറയാൻ കഴിയുന്നുണ്ടോ? എല്ലാവരും പറയേണ്ടേ? എന്തുകൊണ്ടാണ് എല്ലാവർക്കും പറയാൻ കഴിയാത്തത്? വീണ്ടും വായിക്കാൻ അവസരം വായിക്കുമ്പോൾ മനസ്സിലാവയവ (✓) മനസ്സിലാകാത്തവ (X) എന്നീ അടയാളങ്ങൾ കൊണ്ടും ഇഷ്ടപ്പെട്ടവ അടിവരയിട്ടും അടയാളപ്പെടുത്താൻ നിർദ്ദേശം നൽകുന്നു.



ഗ്രൂപ്പിൽ പങ്കുവെക്കുന്നു. ക്രോഡീകരിക്കുന്നു. തുടർന്ന് ഓരോ ഗ്രൂപ്പും ഇഷ്ടപ്പെട്ടത്, അറിയുന്നത്. അറിയാത്തത് എന്നിവ അവതരിപ്പിക്കുന്നു. മറ്റ് ഗ്രൂപ്പുകൾ പ്രതികരിക്കുന്നു. ടീച്ചർ ക്രോഡീകരിക്കുന്നു

**3. കണ്ടെത്താം (30 മിനിറ്റ്)**

ആരുടെ മുന്നിലേക്ക് വരാനാണ് നിലാവിനോട് ആവശ്യപ്പെട്ടത്? പൈതൽ എപ്രകാരമാണ് നിലാവിനെ വിളിക്കുന്നത്? പാരിലേക്ക് കളിക്കാൻ വന്നാൽ എന്തെല്ലാം നൽകാമെന്നാണ് കുട്ടി പറയുന്നത്? കുട്ടികൾ വ്യക്തിഗതമായി കണ്ടെത്തുന്നു. ഗ്രൂപ്പിൽ ക്രോഡീകരിക്കുന്നു. ഗ്രൂപ്പ് അവതരണം ആവശ്യമായ കൂട്ടിച്ചേർക്കലുകൾ വരുത്തുന്നു. മാതൃകാ വായന (ടീച്ചറുടെ വിശദീകരണം )

**4. വിശകലന ചോദ്യങ്ങൾ (40 മിനിറ്റ്)**

ചോദ്യചാർട്ട് പ്രദർശിപ്പിക്കുന്നു. നിലാവിനോട് എന്ന കവിതയിൽ നിങ്ങൾക്കിഷ്ടപ്പെട്ട വരികൾ ഏതാണ്? എന്തുകൊണ്ട്? തുമ്പപ്പൂവിനേക്കാൾ വെൺമയുണ്ട് നിലാവിന് എന്നുപറയുന്ന വരികൾ ഏതാണ്? ' കൊണ്ടൽ ആന' എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് എന്ത്?

ഉത്തരങ്ങൾ കുട്ടികൾ നോട്ടുബുക്കിൽ വ്യക്തിഗതമായി കുറിക്കുന്നു. ഗ്രൂപ്പിൽ അവതരിപ്പിക്കുന്നു. ചർച്ച ചെയ്ത് മെച്ചപ്പെടുത്തുന്നു പൊതു അവതരണം

ഓരോ ചോദ്യവും ഉത്തരവും ഓരോ ഗ്രൂപ്പും അവതരിപ്പിക്കുന്നു. ഏറ്റവും ഉചിതമായ ഉത്തരം ക്രോഡീകരിക്കുന്നു.

**5. പ്രായോഗ ഭംഗി (30 മിനിട്ട്)**

വർക്ക് ഷീറ്റ് 4122 വിതരണം ചെയ്യുന്നു. വ്യക്തിഗതമായി ചെയ്യുന്നു. ഗ്രൂപ്പിൽ അവതരിപ്പിക്കുന്നു. മെച്ചപ്പെടുത്തുന്നു. പൊതു അവതരണം, ടീച്ചർ കൂട്ടിച്ചേർക്കുന്നു

**6. ചൊല്ലി രസിക്കാം കവിത രചിക്കാം ( 80 മിനിറ്റ്)**

പന്തളം കേരള വർമ്മ, ഉള്ളൂർ, കുമാരനാശാൻ എന്നിവരുടെ കവിതകൾ അധ്യാപിക ചാർട്ടിൽ എഴുതി പ്രദർശിപ്പിക്കുന്നു. കുട്ടികൾ സ്വന്തമായി ഈണം കണ്ടെത്തുന്നു. വ്യക്തിഗത അവതരണവും ഗ്രൂപ്പ് അവതരണവും തുടർന്ന് ഒരു അമ്പിളിക്കവിത എഴുതി നോക്കൂ വ്യക്തിഗത രചന

ഗ്രൂപ്പിൽ മെച്ചപ്പെടുത്തൽ പൊതു അവതരണം

**7. എഡിറ്റിംഗ് (30 മിനിറ്റ് )**

**ആശയം**

നൽകിയിട്ടുള്ള ആശയത്തിൽ തന്നെയല്ലേ കവിത രചിച്ചത്? മെച്ചപ്പെടുത്തേണ്ടതുണ്ടോ?

**വാക്യഘടന**

പദങ്ങൾ ഏതെങ്കിലും അനാവശ്യമായി ആവർത്തിച്ചോ? പദങ്ങൾ ക്രമം തെറ്റി പ്രയോഗിച്ചോ? പദങ്ങൾ വിട്ടുപോയോ?

**അക്ഷരം**



അക്ഷരങ്ങൾ തെറ്റായി രേഖപ്പെടുത്തിയോ? ചിഹ്നങ്ങൾ, അക്ഷരങ്ങൾ, വിട്ടുപോയോ?

**വ്യവഹാര രൂപം**

ആശയ സമഗ്രതയുണ്ടോ? പദങ്ങളുടെ തിരഞ്ഞെടുപ്പ് അനുയോജ്യമാണോ?

പ്രയോഗങ്ങൾ അനുയോജ്യമാണോ? ഭാവനാംശം ഉണ്ടോ? ഗ്രൂപ്പുകൾ രചനകൾ കൈമാറി എഡിറ്റ് ചെയ്യുന്നു. മാറ്റങ്ങൾ ഉൾപ്പെടുത്തി രചന മെച്ചപ്പെടുത്തുന്നു വ്യക്തിഗതം മെച്ചപ്പെടുത്തി നോട്ടുബുക്കിൽ എഴുതുന്നു.

**8. കടംകഥാ ശേഖരണം മത്സരം**

കുട്ടികളെ രണ്ട് ഗ്രൂപ്പ് ആക്കുന്നു. അവൻ ശേഖരിച്ച കടംകഥകൾ പരസ്പരം ചോദിക്കുന്നു. പോയിന്റുകൾ രേഖപ്പെടുത്തുന്നു. വിജയിച്ച ടീമിനെ കണ്ടെത്തുന്നു.

**9. താരതമ്യം ചെയ്യാം (80 മിനിറ്റ്)**



അമ്പിളി ചിരിക്കും മാനത്ത് തുമ്പ ചിരിക്കും താഴത്ത്

-ഒ.എൻ.വി കുറുപ്പ്

ഈ വരികളിലെ ആശയവും 'തുമ്പപ്പൂ കണ്ടിട്ടു തുല്ലു ചൊല്ലും തൂവാലയിങ്ങു കൊടുത്തയ്ക്കും' എന്ന വരികളിലെ ആശയവും താരതമ്യപ്പെടുത്തി കുറിപ്പ് തയ്യാറാക്കുക

ആദ്യത്തെ വരികളിൽ എന്താണ് പറഞ്ഞിട്ടുള്ളത്? രണ്ടാമത്തേതിലോ? കുട്ടികൾ പ്രതികരിക്കുന്നു. രണ്ടിലേയും ആശയങ്ങൾ താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കിനോക്കൂ. വ്യക്തിഗതരചന, ഗ്രൂപ്പിൽ അവതരണം, ഗ്രൂപ്പിൽ മെച്ചപ്പെടുത്തൽ, പൊതു അവതരണം

**10. എഡിറ്റിംഗ് ( 30 മിനിറ്റ് )**

**ആശയം**

ആശയം വിട്ടുപോയിട്ടുണ്ടോ? നൽകിയിട്ടുള്ള ആശയത്തിൽ തന്നെയാണോ കുറിപ്പ് തയ്യാറാക്കിയത്?

മെച്ചപ്പെടുത്തേണ്ടതുണ്ടോ?

**വാക്യഘടന**

പദങ്ങൾ അനാവശ്യമായി ആവർത്തിച്ചോ? പദങ്ങൾ ക്രമം തെറ്റി പ്രയോഗിച്ചോ? പദങ്ങൾ വിട്ടുപോയോ?

**അക്ഷരം**

അക്ഷരങ്ങൾ തെറ്റായി രേഖപ്പെടുത്തിയോ? ചിഹ്നങ്ങൾ അക്ഷരങ്ങൾ വിട്ടുപോയോ?

**വ്യവഹാര രൂപം**

ആശയ സമഗ്രതയുണ്ടോ? പ്രയോഗങ്ങൾ അനുയോജ്യമാണോ?

വ്യവഹാര രൂപത്തിന്റെ ഘടന പാലിച്ചോ? ഗ്രൂപ്പുകൾ രചനകൾ കൈമാറി എഡിറ്റ് ചെയ്യുന്നു. മാറ്റങ്ങൾ ഉൾപ്പെടുത്തി രചന മെച്ചപ്പെടുത്തുന്നു വ്യക്തിഗതം മെച്ചപ്പെടുത്തി നോട്ടുബുക്കിൽ എഴുതുന്നു.